**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1169** **12-06-2024 - ൽ മറുപടിയ്ക്ക്**

**പൂക്കുളം സുനാമി ഫ്ലാറ്റിന്റെ മേൽക്കൂര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയിലെ പൂക്കുളം സുനാമി പാർപ്പിട സമുച്ചയത്തിലെ കെട്ടിടങ്ങളുടെ ചോർച്ച പരിഹരിക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷന്റെ നിർവ്വഹണ ചുമതലയിൽ കെട്ടിടങ്ങളുടെ മുകളിൽ റൂഫിങ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ? | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പൂക്കുളം സുനാമി ഫ്ലാറ്റ് നവീകരിക്കുന്നതിനായി 40 വീടുകൾക്ക് 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകയിരുന്നു. 25.10.23നു ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ 8-ാം നമ്പർ തീരുമാന പ്രകാരം 40 വീടുകൾക്ക് മാത്രമായി നവീകരണം നടത്തുന്നത് ഉചിതമല്ല എന്നതിനാൽ പൂക്കുളം സുനാമി പാർപ്പിട സമുച്ചയത്തിലെ കെട്ടിടങ്ങളുടെ സ്ഥിതി കണക്കിലെടുത്ത് ഏറ്റവും ആദ്യവും അടിയന്തിരവുമായി ചോർച്ച പരിഹരിക്കുന്നതിന് കെട്ടിടങ്ങളുടെ മുകളിൽ റൂഫിംഗ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര മേയുന്നതിനു തുക വിനിയോഗിക്കുന്നതിന് തീരുമാനിക്കുകയും അവശേഷിക്കുന്ന കെട്ടിടങ്ങളുടെ മുകളിൽ റൂഫിംഗ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര മേയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഘടകങ്ങളിൽ മാറ്റം വരുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ